"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം, മാറാക്കര എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.550/2026/RD　　തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. 16.10.2020 തീയതിയിലെ സ.ഉ.(സാധാ)നം. 3169/2020/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 06.01.2025 തീയതിയിലെ സ.ഉ.(സാധാ)നം. 136/2025/ധന നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.09.2025, 04.12.2025 തീയതിയിലെ LR/1380/2024-LR(M2) നമ്പർ കത്തുകൾ.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ)-ൽ ഉൾപ്പെടുത്തി കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് (Sl No.1073) പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ മാറാക്കര വില്ലേജ് ഓഫീസ് പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുന്നതിലേയ്ക്കായി ബഹു. എം.എൽ.എ പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, "കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമാണം" എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയിൽ നിന്നും 50 ലക്ഷം രൂപ അതേ വർഷം ക്രമ നം. 573 ആയി ഉൾപ്പെടുത്തിയ "കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര വില്ലേജ് ഓഫീസ് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിക്കായി നൽകികൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

2] കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസ്, മുൻഭാഗത്തെ പുതിയ കെട്ടിടത്തിലും, പിൻഭാഗത്തെ കെട്ടിടത്തിലുമായി രണ്ടു ബ്ലോക്കുകളിലായാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും മുൻഭാഗത്തെ പുതിയ കെട്ടിടം പരാമർശം 1 പ്രകാരം 2020-21 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 14.46 ലക്ഷം രൂപയുടെ ഭരണാനുമതിയോട് കൂടി 2023-ൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടമാണെന്നും 22 വർഷം പഴക്കമുള്ള ഒരു ഹാളും, ഓഫീസ് റൂം, റെക്കോർഡ് റൂം, ശുചിമുറി എന്നിവയുള്ള പിൻവശത്തുള്ള പഴയ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പരിശോധിച്ചതിൽ, തറയ്ക്ക് കാര്യമായ കേടുപാടുകളില്ലാത്തതും, എന്നാൽ ലിന്റൽ, സൺഷെയ്ഡ്, റൂഫ് സ്ലാബ് കോൺക്രീറ്റ് എന്നിവയ്ക്ക് കാലപ്പഴക്കം കാരണം കേടുപാടുകൾ

സംഭവിച്ചിട്ടുള്ളതും, കോൺക്രീറ്റിലെ റീ-ഇൻഫോഴ്സ്മെന്റ് സ്റ്റീൽ ദ്രവിച്ച പോകുന്നതായി കാണപ്പെട്ടിട്ടുള്ളതും ഇത് സ്ലാബിന്റെയും മറ്റ കോൺക്രീറ്റ് ഇനങ്ങളുടേയും ബലത്തെ കാര്യമായി ബാധിക്കുന്ന കാര്യമായതിനാൽ നിലവിലുള്ള പുതിയ കെട്ടിടത്തിന്റെ സൗകര്യങ്ങൾ കൂടാതെ ബാക്കി ആവശ്യമുള്ള സൗകര്യങ്ങൾക്ക് വേണ്ടി പഴയ ബ്ലോക്കിന്റെ സ്ഥാനത്ത് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം (16.09.2025 തീയതിയിലെ കത്ത് പ്രകാരം) ശിപാർശ ചെയ്യുകയും കൂടാതെ, 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ)-ൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണത്തിനായി ക്രമ നമ്പർ 573 ആയി ഉൾപ്പെടുത്തി 50 ലക്ഷം രൂപ അടങ്കൽ തുകയും 100 രൂപ ടോക്കൺ പ്രൊവിഷനും അനുവദിച്ചിട്ടുള്ള "കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര വില്ലേജ് ഓഫീസ് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് 4059-01-051-96-16 (P) ശീർഷകത്തിൽ 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയ്ക്കും ഫണ്ടിനുമായും അഭ്യർത്ഥിക്കുകയുമുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം, മാറാക്കര എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 50,00,000/-രൂപ (അൻപത് ലക്ഷം രൂപ) വീതം ഭരണാനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

4] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക 4059-01-051-96-00-16-0 (PV) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (04.03.2026-ലെ വ്യയം-ഡി1/355/2024/ധന പ്രകാരം)
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 07-03-2026 15:07:58